# പതിമൂന്നാം കേരള നിയമസഭ
## (പത്താം സമ്മേളനം)

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 466 — 06/02/2014-ൽ മറുപടിയ്ക്ക്

### ജലജീവികൾക്കായി ആശുപത്രി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. എം. എ. വാഹീദ്:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. വി. റ്റി. ബൽറാം: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഫിഷറീസ് സർവ്വകലാശാലയിൽ ജലജീവികൾക്ക് മാത്രമായി ആശുപത്രി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഫിഷറീസ് സർവ്വകലാശാലയിൽ 'അക്വാട്ടിക് ആനിമൽ ഹെൽത്ത് ആന്റ് എൻവയോൺമെന്റ് മാനേജ്മെന്റ് ലാബോറട്ടറി'' ദേശീയ ഫിഷറീസ് വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ഇതിനുവേണ്ടി 56 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി 2012-13-ൽ ദേശീയ ഫിഷറീസ് വികസന ബോർഡിന് സമർപ്പിക്കുകയും ചെയ്തിരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി)<br>1. മത്സ്യം, ചെമ്മീൻ മറ്റ് ജലജീവികൾ എന്നിവയ്ക്ക് ഉണ്ടാകുന്ന രോഗങ്ങളുടെ നിർണ്ണയവും പരിഹാരമാർഗ്ഗങ്ങളും.<br>2. ജലത്തിന്റെയും മണ്ണിന്റെയും ഗുണനിലവാര നിർണ്ണയത്തിലൂടെ മത്സ്യ/ചെമ്മീൻ കൃഷിയിടങ്ങളിലെ ജലമലിനീകരണത്തിന്റെ തോത് മനസ്സിലാക്കി സമുചിതമായ പരിപാലന മാർഗ്ഗങ്ങൾ നിശ്ചയിച്ചു മത്സ്യ/ചെമ്മീൻ രോഗം തടയാനുള്ള മാർഗ്ഗങ്ങളെപ്പറ്റി കർഷകരെ ബോധവത്കരിക്കുക. |
| (സി) ഇതിനായി ദേശീയ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ് എന്ത് തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) ഇതിലേയ്ക്കായി 56 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ദേശീയ ഫിഷറീസ് വികസന ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടമായി 28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ആശുപത്രി തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ? | (ഡി) അക്വാട്ടിക് അനിമൽ ഹെൽത്ത് ലബോറട്ടറി സ്ഥാപിക്കുന്നതിന് അംഗീകാരം നല്കികൊണ്ടുള്ള ദേശീയ ഫിഷറീസ് വികസന ബോർഡിന്റെ 13.01.2014-ലെ ഉത്തരവ് സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇത് സ്ഥാപിക്കുവാൻ അനുയോജ്യമായ രീതിയിലുള്ള മുറിയുടെ രൂപകല്പന നടത്തി നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ട നടപടികൾ കൈക്കൊണ്ടു. ലബോറട്ടറിക്ക് ആവശ്യമായ ഉപകരണങ്ങൾ, രാസവസ്തുക്കൾ, മറ്റു അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല ഉടൻ ആരംഭിക്കും |

സെക്ഷൻ ആഫീസർ